**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **04-03-2025 - ൽ മറുപടിയ്ക്ക്**

**വിദേശരാജ്യങ്ങളിലിരിക്കുന്ന പെൻഷൻകാരുടെ മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | താൽക്കാലികമായി വിദേശരാജ്യങ്ങളിലുള്ള സർവ്വീസ് പെൻഷൻകാർക്ക് മസ്റ്ററിംഗ് ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; | (എ) | കേരള ട്രഷറി കോഡ് വോള്യം 1 റൂൾ 280(a) പ്രകാരം ഇൻഡ്യയിൽ സ്ഥിരതാമസമില്ലാത്ത ഒരു പെൻഷണർ ചുമതലപ്പെടുത്തിയ ഏജന്റ് ഹാജരാക്കുന്ന മജിസ്ട്രേറ്റ്, നോട്ടറി, നയതന്ത്ര പ്രധിനിധി എന്നിവർ നൽകുന്ന ലൈഫ് സർട്ടിഫിക്കേറ്റോ, ബയോമെടിക്ക് സംവിധാനം വഴിയോ ലൈഫ് സർട്ടിഫിക്കറ്റ് ഹാജാരാക്കാവുന്നതാണ്. മേൽ വസ്തുത സംബന്ധിച്ച വിശദവിവരം 19.03.2019 ലെ സ.ഉ(അ)നം.33/2019/ധന, 22.11.2020 ലെ സ.ഉ(അ)നം.158/2020/ധന എന്നീ സർക്കാർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. |
| (ബി) | ഗസറ്റഡ് ഉദ്യോഗസ്ഥർ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മസ്റ്ററിംഗ് നടത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; വിശദമാക്കുമോ? | (ബി) | കെ എസ് ആർ ഭാഗം III ചട്ടം 128(b) പ്രകാരം, ഗസറ്റഡ് ഉദ്യോഗസ്ഥൻ / ഉദ്യോഗസ്ഥ, വില്ലേജ് ഓഫീസർ, സബ് രജിസ്ട്രാർ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മസ്റ്ററിംഗ് നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ